# 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4239** — **28-10-2021 - ൽ മറുപടിയ്ക്ക്**

## ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ മികച്ച റാങ്കിങ് നേടാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ മികച്ച റാങ്കിങ് കൈവരിക്കുന്നതിനായി വിവിധ വകുപ്പുകൾ ചെയ്യേണ്ട കാര്യങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി) എന്ന സ്ഥാപനമാണ് സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ അടിസ്ഥാനത്തിൽ റാങ്കിങ് നടത്തി പട്ടിക തയ്യാറാക്കുന്നത്. റാങ്ക് നിശ്ചയിക്കുന്നതിനുവേണ്ടി നടപ്പിലാക്കേണ്ട കാര്യങ്ങൾ ഉൾപ്പെട്ടതാണ് സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ (SBRAP). 2020-ൽ 301 പരിഷ്കാരനടപടികൾ പൂർത്തിയാക്കുന്നതിനാണ് സംസ്ഥാനങ്ങളോട് ഡി.പി.ഐ.ഐ.ടി. നിർദേശിച്ചിരുന്നത്. അതിൽ 48 എണ്ണം സംസ്ഥാനത്തിന് ബാധകമല്ലാത്തതിനാൽ പ്രസ്തുത വിവരം ഡി.പി.ഐ.ഐ.ടി.യെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ശേഷിച്ച 253 പരിഷ്കാരനടപടികളിൽ 240 എണ്ണം വിവിധ വകുപ്പുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് ഡി.പി.ഐ.ഐ.ടി.ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം ഏകദേശം 95% കാര്യങ്ങൾ നടപ്പിലാക്കാൻ സംസ്ഥാനത്തിന് ഇതുവരെ സാധിച്ചിട്ടുണ്ട്. ബാക്കിയുള്ള 13 പരിഷ്കാരങ്ങളിൻമേൽ വിവിധ വകുപ്പുകൾ നടപടികൾ കൈക്കൊണ്ടുവരുന്നു. മരുന്ന് നിർമാണ ലൈസൻസ് ഓൺലൈനാക്കൽ, ഭൂമിയുടെ അവകാശത്തെ സംബന്ധിച്ചുള്ള വിവിധ രേഖകൾ ഒരു ഏകീകൃത ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കൽ, കടലാസ്-രഹിത കോടതി വ്യവഹാരങ്ങൾ നടപ്പിലാക്കൽ മുതലായവയാണ് ശേഷിക്കുന്ന 13 പരിഷ്കാരങ്ങൾ. |
| (ബി) | ഇല്ലെങ്കിൽ ഇനി നടപ്പിലാക്കുവാനുള്ള കാര്യങ്ങൾ | (ബി) | കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഡിപ്പാർട്ട്മെന്റ് |

| | | | |
|---|---|---|---|
| | എന്തൊക്കെയാണെന്ന് അറിയിക്കാമോ? | | ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി) എന്ന സ്ഥാപനമാണ് സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിന്റെ അടിസ്ഥാനത്തിൽ റാങ്കിങ് നടത്തി പട്ടിക തയ്യാറാക്കുന്നത്. റാങ്ക് നിശ്ചയിക്കുന്നതിനുവേണ്ടി നടപ്പിലാക്കേണ്ട കാര്യങ്ങൾ ഉൾപ്പെട്ടതാണ് സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ (SBRAP). 2020-ൽ 301 പരിഷ്കാരനടപടികൾ പൂർത്തിയാക്കുന്നതിനാണ് സംസ്ഥാനങ്ങളോട് ഡി.പി.ഐ.ഐ.ടി. നിർദേശിച്ചിരുന്നത്. അതിൽ 48 എണ്ണം സംസ്ഥാനത്തിന് ബാധകമല്ലാത്തതിനാൽ പ്രസ്തുത വിവരം ഡി.പി.ഐ.ഐ.ടി.യെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ശേഷിച്ച 253 പരിഷ്കാരനടപടികളിൽ 240 എണ്ണം വിവിധ വകുപ്പുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് ഡി.പി.ഐ.ഐ.ടി.ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം ഏകദേശം 95% കാര്യങ്ങൾ നടപ്പിലാക്കാൻ സംസ്ഥാനത്തിന് ഇതുവരെ സാധിച്ചിട്ടുണ്ട്. ബാക്കിയുള്ള 13 പരിഷ്ക്കാരങ്ങളിൻമേൽ വിവിധ വകുപ്പുകൾ നടപടികൾ കൈക്കൊണ്ടുവരുന്നു. മരുന്ന് നിർമാണ ലൈസൻസ് ഓൺലൈനാക്കൽ, ഭൂമിയുടെ അവകാശത്തെ സംബന്ധിച്ചുള്ള വിവിധ രേഖകൾ ഒരു ഏകീകൃത ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കൽ, കടലാസ്-രഹിത കോടതി വ്യവഹാരങ്ങൾ നടപ്പിലാക്കൽ മുതലായവയാണ് ശേഷിക്കുന്ന 13 പരിഷ്ക്കാരങ്ങൾ. |

സെക്ഷൻ ഓഫീസർ